# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2401** | 08.03.2017 - ൽ മറുപടിയ്ക്ക് |

## ജി.എസ്.ടി. നികുതി വരുമാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. കൃഷ്ണൻകുട്ടി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി.നടപ്പിലാക്കുമ്പോൾ സംസ്ഥാനം പ്രതീക്ഷിക്കുന്ന നികുതി വരുമാനം എത്രയാണ് എന്ന് വ്യക്തമാക്കാമോ; | (എ) | നികുതി നിരക്കുകൾ ഇതുവരേയും നിശ്ചയിച്ചിട്ടില്ലാത്തതിനാൽ കൃത്യമായ വിവരം ഇപ്പോൾ ലഭ്യമല്ല. ചരക്കുസേവന നികുതി നടപ്പിലാക്കു മ്പോൾ 2015-16 ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ്, വർഷം തോറും കണക്കാക്കി ആദ്യ അഞ്ചുവർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്നതാണെന്ന വ്യവസ്ഥ GST Compensation Act - ൽ ഉൾപ്പെടുത്തണമെന്ന് GST കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം നിയമാനുസൃതം തന്നെ നഷ്ടപരിഹാരം ഉറപ്പാക്കുന്ന സംവിധാനം നിലവിൽ വരും. GST പ്രാപ്യസ്ഥാനാധിഷ്ഠിത നികുതിയായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നേട്ടം പ്രതീക്ഷിക്കുന്നു. കൂടാതെ സേവന മേഖലയിലും സംസ്ഥാനത്തിനു നികുതി ചുമത്താം. ആയതിനാൽ കേരളത്തിന് നികുതി വർദ്ധനവ് ഉണ്ടാകും എന്നു തന്നെയാണ് പ്രതീക്ഷ. |
| (ബി) | ജി.എസ്.ടി. സംസ്ഥാനത്ത് നടപ്പിലാക്കുവാൻ എന്തെല്ലാം ഒരുക്കങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; നിലവിലുള്ള നികുതികുടിശ്ശിക എത്ര ശതമാനം | (ബി) | ഇപ്പോൾ രൂപപ്പെടുത്തിയിട്ടുള്ള മാതൃകാ ചരക്കുസേവന നികുതി നിയമം അടിസ്ഥാനമാക്കി കേരള വാണിജ്യ നികുതി വകുപ്പും കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | പിരിച്ചെടുക്കാൻ സാധിക്കുമെന്ന കാര്യം വ്യക്തമാക്കാമോ? | | സ്ഥാപനമായ "നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ് എക്സൈസ് ആന്റ് നാർകോട്ടിക്സ്" (NACEN) ഉം സംയുക്തമായി വാണിജ്യ നികുതി ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള എല്ലാ ജീവനക്കാർക്കും പരിശീലനം നൽകി വരുന്നു.<br><br>ചരക്കു സേവന നികുതി നടത്തിപ്പിനു ആവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനു വേണ്ടി ഐ.ടി.വിദഗ്ദരെ കരാറടിസ്ഥാനത്തിൽ നിയമിക്കുകയും എൻ.ഐ.സി യുടെ സഹകരണത്തിലൂടെ പ്രവർത്തികൾ പൂർത്തിയായി വരുന്നു.<br><br>GST - യുടെ സാങ്കേതിക പരിശീലനത്തിന്റെ ഭാഗമായി വാണിജ്യ നികുതി വകുപ്പിൽ നിന്നും 50 ഉദ്യോഗസ്ഥരെ ശുപാർശ ചെയ്യുകയും, ഇവർക്ക് GSTN പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>നിലവിലുള്ള നികുതി കുടിശ്ശികയിൽ പിരിച്ചെടുക്കാവുന്ന തുക (കളക്ടബിൾ ആയിട്ടുള്ളത്), മുഴുവനും പിരിച്ചെടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**